ശ്രീ.എൻ.വി. ഗവ. ഹ. സ്കൂൾ - [illegible] -

- [illegible] -

# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025-2026

## - സമഗ്ര ഗുണമേന്മാ -
## - വർഷം -

# ആർ.എൽ.വി.ഗവ.യു.പി.സ്കൂൾ
## തൃപ്പൂണിത്തുറ
# അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-26

അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 1. വിദ്യാലയത്തിന്റെ പേര് | ; ആർ.എൽ.വി.ഗവ.യു.പി സ്കൂൾ, തൃപ്പൂണിത്തുറ |
| വിലാസം | ; തൃപ്പൂണിത്തുറ, എറണാകുളം(ജില്ല),പിൻ.682301 |
| ഫോൺ | ; 0484 2775953 |
| 2. സ്കൂൾ കോഡ് | ; 26454 |
| 3. വിദ്യാഭ്യാസ ഉപജില്ല | ; തൃപ്പൂണിത്തുറ |
| 4. വിദ്യാഭ്യാസ ജില്ല | : എറണാകുളം |
| 5. റവന്യൂ ജില്ല | : എറണാകുളം |
| 6. ബി.ആർ.സി | ; തൃപ്പൂണിത്തുറ |
| 7. സി.ആർ.സി | : എരൂർ |
| 8. മുനിസിപ്പാലിറ്റി | ; തൃപ്പൂണിത്തുറ |
| 9. നിയമസഭാമണ്ഡലം | ; തൃപ്പൂണിത്തുറ |
| 10. ലോകസഭാമണ്ഡലം | ; എറണാകുളം |
| 11. താലൂക്ക് | : കണയന്നൂർ |
| 12.വില്ലേജ് | ; നടമ, തൃപ്പൂണിത്തുറ |
| 13.ഇമെയിൽ | ; rlvgups@gmail.com |
| വെബ്സൈറ്റ് | : https://rlvups.blogspot.in/ |
| സ്കൂൾ വിക്കി | : https://schoolwiki.in/RLV_UP_School_Tripunithura |

# ആമുഖം

ചരിത്രമുറങ്ങുന്ന തൃപ്പൂണിത്തുറ നഗരത്തിലാണ് **ആർ.എൽ.വി.ഗവ.യു.പി സ്കൂൾ** സ്ഥിതി ചെയ്യുന്നത്. ഐക്യകേരളത്തിനു മുൻപുണ്ടായിരുന്ന കൊച്ചിരാജ്യത്തിന്റെ തലസ്ഥാനമായിരുന്നു തൃപ്പൂണിത്തുറ. അന്നത്തെ രാജകൊട്ടാരമായ ഹിൽപാലസ് ഇന്ന് മ്യൂസിയമാണ്. രാജഗൃഹങ്ങളും പുരാതനമഹാക്ഷേത്രങ്ങളുമെല്ലാം ചേർന്നതാണ് നഗരം. പുഴകളും കായലുമെല്ലാം ചേർന്ന തീരപ്രദേശമാണ് തൃപ്പൂണിത്തുറ സാംസ്കാരിക സമ്മേളനങ്ങളും കൂട്ടായ്മകളും പൈതൃകകലകളുടെ നിരന്തര അവതരണങ്ങളുമെല്ലാം മുൻപ് തൃപ്പൂണിത്തുറയെ കേരളത്തിന്റെ സാംസ്കാരിക സാഹിത്യ കലാരംഗങ്ങളിൽ പ്രധാനസ്ഥാനത്ത് നിർത്തിയിരുന്നു. ഇന്നും ആ പാരമ്പര്യം തുടരുന്ന നഗരമാണ് തൃപ്പൂണിത്തുറ. കേരളത്തിലെ പ്രശസ്തമായ കലാപഠനകേന്ദ്രമായ ആർ.എൽ.വി കോളേജ് ഇവിടെയാണ്. കൊച്ചി നഗരത്തോട് ചേർന്നുകിടക്കുന്ന തൃപ്പൂണിത്തുറ, ഇപ്പോൾ നഗരത്തിന്റെ ഭാഗമായിത്തന്നെ മാറിയിരിക്കുന്നു.

## സമഗ്രവിദ്യാലയ വികസനരേഖ - ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് നഗരാന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
2. അക്കാദമിക മികവിന് ഉപകരിക്കുന്നവിധത്തിൽ ദീർഘകാല കാഴ്ചപ്പാടോടെ പശ്ചാത്തലസൗകര്യം വർദ്ധിപ്പിക്കുക
3. എൽ.കെ.ജി മുതൽ ഏഴാം ക്ലാസ്സ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടുത്തൽ.
4. അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## വിദ്യാലയത്തിന്റെ ചരിത്രം

തൃപ്പൂണിത്തുറ നഗരമധ്യത്തിൽ എൺപതുവർഷത്തിലേറെയായി പ്രവർത്തിക്കുന്ന ആർ.എൽ.വി.ഗവ.യു.പി സ്കൂൾ നഗരമധ്യത്തിലെ മികച്ച വിദ്യാലയങ്ങളിലൊന്നാണ്. 1936 ൽ കൊച്ചിരാജാവായിരുന്ന കേരളവർമ്മ മിടുക്കൻ തമ്പുരാൻ, തന്റെ റാണിയായിരുന്ന ശ്രീമതി ലക്ഷ്മിക്കുട്ടി നേത്യാരമ്മയുടെ താൽപര്യപ്രകാരം, മകളായ രാധാ ലക്ഷ്മിയുടെ പേരിൽ ആരംഭിച്ച കലാ വിദ്യാലയമാണ് രാധാ ലക്ഷ്മി വിലാസം(ആർ.എൽ.വി) സ്കൂൾ. സ്ത്രീ വിദ്യഭ്യാസത്തിനും ലളിതകലകളുടെ പോഷണത്തിനും ഇതു ലക്ഷ്യമിട്ടു. പിന്നീട്, രാജാവായ പരീക്ഷിത്ത് തമ്പുരാൻ ഇത് സ്റ്റേറ്റ് ഗവൺമെന്റിനു വിട്ടുകൊടുത്തു. പിൽക്കാലത്ത് കലാപഠനവിഭാഗം ആർ.എൽ.വി.കോളേജായി വേർതിരിഞ്ഞു.

പ്രീ പ്രൈമറിമുതൽ ഏഴാംക്ലാസ് വരെ 140 ൽ പരം വിദ്യാർത്ഥികൾ ഇപ്പോൾ ഇവിടെ പഠിക്കുന്നു. പഠന നിലവാരത്തിലും പാഠ്യ അനുബന്ധപ്രവർത്തനങ്ങളിലും ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കുന്ന സർക്കാർ സ്കൂളുകളിലൊന്നാണിത്. 2016-17 വർഷത്തിൽ മാത്രം കുട്ടികളുടെ എണ്ണത്തിൽ അൻപതു ശതമാനം വർദ്ധനയാണ് ഇവിടെ രേഖപ്പെടുത്തിയത്.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ച്ചപ്പാട്

1. പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവതാൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ.
2. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
3. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയാന്തരീക്ഷം ഒരുക്കൽ
4. ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.
5. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും പരിസ്ഥിതിയെ കാത്തുസൂക്ഷിക്കാനും സുസ്ഥിരമായ ഒരു വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

# — ആർ. എൽ. വി. ഗവ. യു. പി. സ്കൂൾ തൃപ്പൂണിത്തുറ —

## — സമഗ്ര ഗുണമേന്മ പദ്ധതി —

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഉന്നതിയിൽ ഊന്നിയുള്ള ഗുണമേന്മ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് സമഗ്ര ഗുണമേന്മ പദ്ധതി. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക, ക്ലാസ് റൂം പഠനത്തിന് അക്കാദമിക കലണ്ടറിന് അനുസൃതമായി നിശ്ചിത സമയം ഉറപ്പുവരുത്തുക. എസ്. ആർ. ജി മീറ്റിംഗ് വഴി സമയബന്ധിതമായി അക്കാദമിക പ്രവർത്തനം പ്ലാൻ ചെയ്യുക ഓരോ ക്ലാസിലും വിഷയത്തിലും പാഠ്യപദ്ധതി നിഷ്കർഷിച്ച ശേഷികൾ കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. കുട്ടികൾക്ക് വേണ്ട പഠന പിന്തുണ പരിപാടി സംഘടിപ്പിക്കുക ഭിന്നശേഷി കുട്ടികൾ എസ്.സി, എസ്.ടി മേഖലകൾ പ്രത്യേക പരിഗണന അർഹിക്കുന്നവർ തിരിച്ചറിഞ്ഞുള്ള പദ്ധതികൾ, കൂടുതൽ ശ്രദ്ധ വേണ്ട വിഷയങ്ങൾക്കുള്ള പഠന പരിപോഷണ പരിപാടികൾ നടപ്പിലാക്കുക നിരന്തര മൂല്യനിർണയ പ്രക്രിയ കാര്യക്ഷമമാക്കുക. കുട്ടികളുടെ സമഗ്ര പഠനപുരോഗതി രേഖ വികസിപ്പിക്കുക ചോദ്യപേപ്പറുകളുടെ പരിഷ്കരണവും വികേന്ദ്രീകരണവും നടപ്പിലാക്കുക എന്നിവ പദ്ധതിയിലുണ്ട്.

ഈ അധ്യയന വർഷം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ

അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക.

* മൂല്യനിർണയ രീതി പരിഷ്കരിച്ച് സമഗ്രമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തും
* സാങ്കേതിക വിദ്യ സൗഹൃദ ക്ലാസ് റൂം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും
* ഭിന്നപരമായി കായികക്ഷമത വർധിപ്പിക്കും
* അധ്യാപക പരിശീലനത്തിൽ ലഭിച്ച അനുഭവങ്ങളുടെ വെളിച്ചത്തിൽ ക്ലാസ് റൂം പ്രവർത്തനങ്ങൾ മികവുറ്റതാക്കും
* ഗവേഷണ പരിശീലനങ്ങൾക്ക് ഊന്നൽ നൽകും
* ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സന്നദ്ധസംഘടനകൾ വ്യക്തികൾ എന്നിവയിൽ നിന്നും സഹായം ഉറപ്പുവരുത്തും.
* പി.ടി.എ, എസ്.എം.സി, എസ്.എസ്.ജി, നാട്ടുകാർ എന്നിവരുടെ സഹകരണവും പങ്കാളിത്തവും ഉറപ്പിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സ്കൂളിൽ മെയ് മാസം ആദ്യം ഗുണമേന്മ വിദ്യാലയ സമിതി രൂപീകരിച്ചു. സ്കൂളിന്റെ അക്കാദമിക ഭൗതിക അനക്കാദമിക കാര്യങ്ങൾ ചർച്ച ചെയ്തു. 2025-2026 അധ്യയന വർഷത്തിൽ മികച്ച രീതിയിൽ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. സാങ്കേതികവിദ്യ സൗഹൃദ ക്ലാസ് റൂം പ്രവർത്തനങ്ങളിലൂടെ എല്ലാവർക്കും മികച്ച പഠന നേട്ടങ്ങൾ ഉറപ്പിക്കുന്നതിന് ആർ.സി.വി ഗവ. എച്ച്.എസ്. സ്കൂളിലെ സാഹചര്യങ്ങൾ ഒരുക്കുന്നതിനുമുള്ള മേൽനോട്ടം വഹിക്കുന്നതിന് സമിതി പ്രതിജ്ഞാബദ്ധമാണ്......

JUNE

## തീം കുടുംബം, വീടും പരിസരവും

പ്രവർത്തനം : 3+, 4+
കുടുംബം (അച്ഛൻ, അമ്മ, സഹോദരി, സഹോദരൻ)

വികാസ മേഖല : ഭാഷാവികസനം, സർഗ്ഗാത്മകവുമായ വികസനങ്ങൾ

ബഹുമുഖ ബുദ്ധി : ഭാഷാപരമായ ബുദ്ധി

### ശേഷികൾ

ലളിതമായ വാക്കുകൾ കേൾക്കുന്നു.
കേട്ട വാക്കുകൾ ആശയം ഗ്രഹിച്ചു.
സ്വന്തം ഭാഷയിൽ അവതരിപ്പിക്കുന്നു.
കുടുംബത്തിലെ വിവിധ അംഗങ്ങളെ തിരിച്ചറിയുന്നു
(അമ്മ, അച്ഛൻ, അമ്മൂമ്മ, അപ്പൂപ്പൻ, ചേട്ടൻ, ചേച്ചി)

### സാമഗ്രികൾ

മണൽതടം, കുടുംബങ്ങളുടെ ചിത്രങ്ങൾ, കട്ടൗട്ടുകൾ, നിറമുള്ള കടലാസ്, ക്രയോൺ, പശ, water colour, വെള്ളം, brush, paper, pencil etc.

## പ്രവർത്തനം

### പാട്ടുകൾ

എന്തു നല്ല വീട്
എന്റെ സ്വന്തം വീട്
നന്മയുള്ള വീട്
ഒരുമയുള്ള വീട്
അച്ഛനുള്ള വീട്
അമ്മയുള്ള വീട്
സ്വർഗ്ഗമാണെന്റെ വീട്

ഭാഷാപരമായ വികാസം
സൗന്ദര്യാത്മകമായ വികാസം

കുട്ടികളോട് ക്ഷേമ-ന്വേഷണം, നടത്തുന്നു.
നിങ്ങൾക്ക് പറയാൻ കഴിയുമോ?
കടലാസുകൊണ്ടുള്ള ഫാൻ കുട്ടികൾക്ക് വിതരണം ചെയ്യുന്നു.

## വിലയിരുത്തൽ

കുട്ടികളുടെ പങ്കാളിത്തം, ഗ്രൂപ്പിനുള്ളിലെ ഇടപെടൽ സഹകരണം, ശ്രദ്ധ, സൂക്ഷ്മത പാലിച്ചു.

* Paper മുറിക്കാനും ഒട്ടിക്കാനും കഴിയുന്നുണ്ട്.

* ഗണിതക്കൂട്ടം ഗണിതാശയം തിരിച്ചറിഞ്ഞ് നിശ്ചിത സന്ദർഭത്തിൽ പ്രവർത്തിക്കാൻ കഴിയുന്നു.

സംഖ്യാ സംഖ്യകളും വസ്തുക്കളുമായി ബന്ധപ്പെടുത്താൻ കഴിഞ്ഞു.

| പരിഗണിച്ച മേഖലകൾ | പ്രവർത്തനം | വിലയിരുത്തൽ |
|---|---|---|
| വൈജ്ഞാനിക വികാസം .. ലഘുപരീക്ഷണം<br><br>സന്മാർഗ്ഗാത്മകവും സാമൂഹികവുമായ വികാസം<br>– കുട്ടികൾ<br>കൂട്ടായ പ്രവർത്തനം<br><br>ശാരീരിക ചാലകവുമായി വികാസം<br>– കൊളാഷ് നിർമ്മാണം<br>– കളി<br><br>ഭാഷാപരമായി വികാസം<br>– പാട്ടുകേൾക്കൽ<br>– നിർമ്മിക്കൽ<br>– കഥ കേൾക്കൽ<br>→ നിർമ്മിക്കൽ പ്രതികരണം | വീടിന്റെ പാട്ട് പാടുന്നു ടീച്ചർ അച്ഛൻ, അമ്മ, ചേട്ടൻ, ചേച്ചി ഇവരുടെ ചിത്രങ്ങൾ കാണിച്ചുകൊടുക്കുന്നു.<br><br>ചിത്രം – 2<br>പ്രവർത്തനചിത്രചാർട്ട്<br><br>സാമൂഹിക :- വൈകാരിക വികാസ മേഖല, സർഗാത്മക വികാസം, ശാരീരിക ചാലക ബുദ്ധി<br><br>വരച്ച നിറം നൽകി ചിത്രങ്ങൾ ഭംഗിയായി ചാർട്ടിൽ ഒട്ടിക്കുന്നു. അദ്ധ്യാപിക കുട്ടികളുടെ പേര് താഴെ എഴുതുന്നു ചിത്രങ്ങൾ വിലയിരുത്തുന്നു. നം. ബിഗ് പിക്ചറിൽ കാർട്ടൂൺ മാറ്റി ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. | കുട്ടികൾ നിത്യം വരികൾ നിർമ്മിച്ച് പാടാൻ ശ്രമിക്കുന്നു.<br><br>സ്റ്റിക് പാവ് ഉപയോഗിച്ചത് നന്നായി.<br><br>പ്രവർത്തനങ്ങളിൽ കുട്ടികൾ ഉത്സാഹം പ്രകടിപ്പിച്ചു<br><br>സൂക്ഷ്മമായ അന്വേഷണം ഉണ്ടെങ്കിൽ കുട്ടികളിൽ ശേഷി വികാസം സാധ്യമാകുന്നു. |

# ക്ലാസ് - I

## അക്കാദമിക മാസ്റ്റർ പ്ലാൻ

1 ആർ. എൽ. വി. ജി. യു. പി. സ്കൂൾ തൃപ്പൂണിത്തുറ.

### ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനമാണ് ഒരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. വായന, എഴുത്ത് മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടികളുടെ ശാരീരികവും, മാനസികവും, വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കുന്നതിനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.

### ലക്ഷ്യങ്ങൾ

→ ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

→ എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവു നേടുമെന്ന് ഉറപ്പു വരുത്തുക.

→ ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന (1-20) ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനു കഴിവു നേടുക.

→ തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും, വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക.

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥകളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ. | സെപ്തംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ SRG SMC സ്കൂൾ വികസന സമിതി. |
| | 2) അമ്മ പറയട്ടെ അമ്മമാർ കുട്ടികൾക്കു കഥകൾ അവതരിപ്പിക്കുന്നു. | ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ SRG മദർ PTA |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാരത്തിലടങ്ങും ഭക്ഷണവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള - പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി | ജൂൺ ജൂലൈ ആഗസ്ത് | ക്ലാസ് ടീച്ചർ SRG SMC | SMC |

| | | | | | |
|---|---|---|---|---|---|
| | പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും. | അറിവും പുഷ്പോദ്യാനം, ഔഷധത്തോട്ടം, ശലഭോദ്യാനം. | ഡിസംബർ ജനുവരി | SRG SMC | SMC |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ. | 1) ഗണിത മാഗസിൻ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| | 2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിന ക്യാമ്പ്. | നവംബർ | SRG | SSA |
| | 3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളികളിലൂടെ | മാസത്തിൽ ഒന്ന് വീതം | ക്ലാസ് ടീച്ചർ | |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ<br>ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരം. | കാർട്ടൂൺ പ്രദർശനം<br>സിനിമ പ്രദർശനം<br>ഇംഗ്ലീഷ് ദിനാചരണങ്ങൾ<br>അസംബ്ലിയിൽ വാർത്തയും<br>ചിത്ര വായന<br>സ്വയം പരിചയപ്പെടുത്തൽ | മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>ക്ലാസ് ടീച്ചർ | SSA |

മേഖല - അക്കാദമികം.

ഉപമേഖല - ഗണിതം.

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം. | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഗണിത ചിന്താ ശേഷി വളർത്തൽ. | ആഴ്ച്ച ഒരു ചോദ്യം. (കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ)<br><br>ഗണിത ക്ലബ്ബ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വീതം.<br><br>മാസത്തിൽ ഒന്ന് വീതം. | SRG<br>ക്ലാസ് ടീച്ചർ | SSA. |

മേഖല - അക്കാദമികം.

ഉപമേഖല - ഗണിതം

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ക്ലാസ്സ് ഒരു ചോദ്യം.<br>ക്വിസ് | | | |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആത്മ വിശ്വാസ ത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നതിനുള്ള അവസര മൊരുക്കൽ | Let's talk<br>അതിഥികളുമായി സംവദിക്കൽ<br><br>English ബാലസഭ<br><br>ഇംഗ്ലീഷ് അസംബ്ലി<br>One day English | മൂന്ന് മാസത്തിൽ ഒന്ന്<br><br>മാസത്തിൽ ഒന്ന്<br><br>മൂന്ന് മാസത്തിൽ ഒന്ന് | SRG<br><br>Class Teacher.<br><br>SMC | SSA. |

മേഖല - അക്കാദമികം.
ഉപമേഖല - ഭാഷ.
ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം | |
|---|---|---|---|---|---|
| ഉചിതമായ വ്യവഹാരരൂപങ്ങളിലൂടെ ലേഖന മികവ് | 1, കുട്ടികളെ ലേഖന രചനയിലേക്ക് നയിക്കുന്ന രചനാ ക്ലാസുകൾ<br>2, ലേഖന പതിപ്പുകൾ തയ്യാറാക്കൽ | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി.ടി.എ.<br>സ്റ്റാഫ് | മദർ പി.ടി.എ | |
| സർഗാത്മകതയെ തട്ടിയുണർത്തൽ | 1, രചനാശില്പശാല കഥ, കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അധ്യാപകർ<br>ക്ലബ്ബുകൾ<br>രക്ഷിതാക്കൾ | SRG<br>SRG.<br>SMC | |

മേഖല - അക്കാദമികം.
ഉപമേഖല - പരിസരപഠനം
ക്ലാസ് — II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ശുചിത്വബോധമുള്ള ശുചിത്വവും സ്വഭാവവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ ക്വിസുകൾ<br>പോസ്റ്റർ രചനാ മത്സരം.<br>മത്സരം.<br>ബോധവത്കരണങ്ങൾ. | ജൂൺ-ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതിയെ അറിയൽ | പ്രകൃതി നടത്തം<br>~~[illegible]~~ | സെപ്തംബർ<br>ഡിസംബർ | ടീച്ചേഴ്സ്<br>SRG<br>SMC | SMC. |
| നാടറിയാൻ - നാട്ടറിവുകൾ. | കാണാക്കാഴ്ചകൾ<br>കർഷകരുമായി അഭിമുഖം<br>കൃഷിയിടങ്ങളിലേക്ക്<br>നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| **വായന**<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ |
| | അമ്മ വായന<br>അമ്മമാരുടെ വായനാകുറിപ്പുകൾ സി പി ടി എ കളിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ |
| ലേഖനം<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക<br>- അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം<br>വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം | ജൂൺ<br>ജൂൺ<br>ആഗസ്റ്റ് |

അക്കാദമിക മാസ്റ്റർ പ്ലാൻ - ക്ലാസ് 3

| | | |
|---|---|---|
| | പോസ്റ്റർ<br><br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br><br>സെപ്റ്റംബർ 5 അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം<br><br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>ഒക്ടോബർ<br><br>ഒക്ടോബർ<br><br>നവംബർ |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി – സി പി ടി എ | അധ്യയന വർഷം മുഴുവൻ |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| ചതുരം ,വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ ടെസ്റ്റ് | ജൂൺ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം,ത്രികോണം ,വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ, ജൂലൈ |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ്ബ് ) | ആഗസ്റ്റ് |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ |
| സങ്കലന- വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • *മനഃ കണക്കുകൾ*<br>• *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ* | ഒക്ടോബർ - നവംബർ |
| ഗുണന വസ്തുതകൾ നേടൽ | • *മനഃ കണക്കുകൾ*<br>• *മഞ്ചാടികളി* | ഡിസംബർ - ജനുവരി |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ*<br>• *ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച്* | ഫെബ്രുവരി - മാർച്ച് |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം ) | ജൂൺ, ജൂലൈ |
| പ്രകൃതി സംരക്ഷണം | • മണ്ണ് ,ജലം , വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>• മഴക്കുഴി നിർമാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമസേനക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റംബർ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ - പരിശീലനം<br>• പോസ്റ്റർ നിർമാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ- ഒക്ടോബർ |

# 6th Std അക്കാദമിക മാസ്റ്റർപ്ലാൻ പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| നിരീക്ഷണം - അറിവുനിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് - ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM CPTA |
| ശാസ്ത്രമേള:- ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ. പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷത്തിലുടനീളം | HM SRG class Tr |
| ശാസ്ത്രപഠനത്തിൽ താല്പര്യം ജനിപ്പിക്കൽ, അന്വേഷണ ത്വര വർദ്ധിപ്പിക്കൽ. - ശാസ്ത്രപഠനയാത്ര | വാനനിരീക്ഷണകേന്ദ്രം സയൻസ് പാർക്ക് ശാസ്ത്രപ്രദർശനങ്ങൾ, ഫാമുകൾ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM SRG CPTA |
| ശാസ്ത്രവിസ്മയച്ചുമർ ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG class Tr. |
| ശാസ്ത്രോത്സവം ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം അവതരണം പ്രദർശനം | പതിപ്പ്, ചുമർ പത്രിക, ആൽബം, ചിത്രങ്ങൾ, വാർത്താക്കുറിപ്പ്, മോഡലുകൾ, പരീക്ഷണം - ഇവയുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ | H.M SRG class Tr. |

അക്കാദമിക മാസ്റ്റർ പ്ലാൻ - STD IV - മലയാളം

## മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികളുടെ... | ലക്ഷ്യം നേടുന്നത് വരെ. | SRG ക്ലാസ് ടീച്ചർ. |
| വായിക്കാം<br>വായനാ ശേഷി വളർത്തൽ | വളരാം<br>ക്ലാസ് വായനാക്കൂട്ടം. ക്ലാസ് ലൈബ്രറി ഒരുക്കൽ. പുസ്തക പരിചയം, വായനാക്കുറിപ്പ്, ആനുകാലിക വായന | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ CPTA |
| എഴുതാം<br>എഴുത്ത് പരിപോഷിപ്പിക്കൽ | തെളിയാം<br>പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ. സ്വന്തമായ രചനകൾ. | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ |
| എഴുത്തുകാരുമായി സാഹിത്യകാരെ അടുത്തറിയൽ | സംവദിക്കാം<br>സാഹിത്യകാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ SRG |

| | | | |
|---|---|---|---|
| അറിവ് ലോകത്തെ-ക്കുറിവിലൂടെ (ICT) | കണ്ടറിയാം കേട്ടറിയാം<br>പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പി-ക്കാൻ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | class Teacher |
| രുചിച്ചറിയാം<br>നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടുത്തൽ | ഭക്ഷ്യമേള - പാചകക്കുറിപ്പുട-ങ്ങിയ പതിപ്പ് നിർമ്മാണം. ഇതിലൊരു സദ്യ. | വർഷത്തിലൊന്ന് | SRG<br>class Teacher<br>CPTA |
| സാഹിത്യകാരുടെ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ഓർക്കാം - അഭിമാനിക്കാം<br>ദിനാചരണം പുസ്തകപരിചയം, ലോകത്തുമെന്നി പ്രദർശനം, ക്വിസ്, പതിപ്പ് നിർമ്മാണം | ആവശ്യാനുസരണം | SRG<br>class PTA.<br>CPTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ അടുത്തറിയൽ | കലക്കൂട്ട്<br>പ്രദേശവാസികളായ കലാകാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. | വർഷത്തിലൊന്ന് | HM, SRG,<br>class PTA, class |
| ഭാഷാപഠനത്തി-ന്റെ ഭാഗമായി നേടിയ ശേഷികൾ അവതരിപ്പിക്കൽ | സർഗ്ഗോത്സവം<br>കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രകടനം. | വർഷത്തിലൊന്ന് | HM, SRG,<br>CPTA, class Tr |
| | | | |

## ക്ലാസ് IV അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| കളിയാം... ഗണിതം... ഗണിത പഠനം രസകരമാക്കാൻ ചതുഷ്ക്രിയകൾ ലളിതമാക്കാൻ | വിവിധതരം കളികളിൽ ഏർപ്പെടുത്തുന്നു. ക്വിസുകളും, പാട്ടും. കളിവടക്കാനി (സങ്കലന വ്യവകലനാദികൾ) | വർഷം മുഴുവൻ | SRG, class Tr. |
| ഗണിതവഴിയിലൂടെ... ഗണിതശാസ്ത്ര പഠനം രസകരമാക്കാൻ - കൗതുക ശേഷി വികാസം | ഗണിതവഴി ആശയങ്ങളുടെ നിർമ്മാണം ചിത്രങ്ങൾ, പ്രദർശനം | വർഷത്തിലൊരിക്കൽ | class Tr. |
| ഗണിതലാബ്: ഗണിതലാബ് പഠന പ്രവർത്തനം സുതാര്യമാക്കൽ. | ഗണിതലാബ് ഒരുക്കൽ: പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM, SRG ക്ലാസ് ടീച്ചർ |
| ഗണിതച്ചുമർ: - ഗണിതശാസ്ത്രങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ:- ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| ഗണിതമേള: ഗണിതമേളകളുടെ പ്രകടനം | ജ്യോമട്രിക്കൽ ചാർട്ട്, പസിൽ, പാറ്റേൺ, പഠനോപകരണങ്ങളുടെ നിർമ്മാണം. പ്രദർശനം. | വർഷത്തിലൊരിക്കൽ | SRG, ക്ലാസ് ടീച്ചർ |

## അക്കാദമിക മാസ്റ്റർ പ്ലാൻ - Class IV ... English

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് പാഠഭാഗങ്ങൾ വായിക്കാനും സംസാരിക്കാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ഇംഗ്ലീഷ് അസംബ്ലി<br>ആഴ്ചയിൽ ഒരു ദിവസം ക്ലാസിൽ ഇംഗ്ലീഷ് അസംബ്ലി ചേരൽ | വർഷം മുഴുവൻ | class Tr |
| ഇംഗ്ലീഷ് ഡയറി<br>തെറ്റുകൂടാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിയായി എഴുതൽ. | ആഴ്ചയിൽ 2 ദിവസം | class Tr. |
| ഇംഗ്ലീഷ് വിഷൻ<br>സർഗ്ഗാത്മകതാ പരിപോഷണം. | ഇംഗ്ലീഷ് പാഠഭാഗങ്ങളെ skit, drama, conversation, story telling തുടങ്ങിയ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ. | മാസത്തിലൊന്ന് | HM<br>class Teacher |
| ഇംഗ്ലീഷ് കോർണർ<br>വായനാ പരിപോഷണം<br>വായനയ്ക്കുള്ള അവസരം കൂടുതൽ സൃഷ്ടിക്കുന്നു. | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ.<br>വായനാക്കുറിപ്പ്<br>പുസ്തക പരിചയം | ആഴ്ചയിൽ ഒന്ന് | class Tr |

– [illegible] 2025-26

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:**<br>പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

ആർ. എൽ. വി. ജി. എച്ച്. എസ്. സ്കൂൾ തൃപ്പൂണിത്തുറ 2025-26.

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | രംഗാവിഷ്കാരം:<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ. സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി ആർ.എൽ.വി. എഫ്.എം. അവതരണമികവ്. | ആർ.എൽ.വി. എഫ്.എം.<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

RMV G.U.P.S. Tripunithura

ACADEMIC MASTER PLAN 2025-26 - ENGLISH - UP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | **Lend Your Ear-** ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | **Follow Me If You Can!** ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Breaking News** ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Missing Man** അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Treasure Hunt** വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

RLV GUPS Tripunithura Academic Master Plan 2025-26

2) English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | **Meet the Foreigner** തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | **One Man Show** ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | **I Too Can !!** വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Leaning Ladder** പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | **F.M. Corner** വ്യത്യസ്തമായ കഥകൾ **Reader's Theatre** റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Reader of the Month** ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. **Reader of the Month** നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

RLV GVGPS Tripunithura Academic Master Plan
UP English.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | **My Droplets** കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Alert Zone** സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Run Baby Run** ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Fun time Funda** കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | **The Grand Camp** ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത് ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷരായി ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ. ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

ആർ. വി. ഡി. ബി. ജി. എൽ. പി. സ്കൂൾ തൃപ്പൂണിത്തുറ –

# അക്കാദമിക മാസ്റ്റർ പ്ലാൻ

## U.P. Hindi – 2025-26

1. U.P. തലത്തിലെ എല്ലാ കുട്ടികളും –
അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ
പ്രവർത്തനങ്ങൾ:

- അക്ഷര എഴുത്ത്
- ചിഹ്നം ഉറപ്പിക്കൽ
- Class-ൽ അക്ഷരമാല പ്രദർശനം
- വാക്കുകൾ എഴുതിയ കാർഡുകൾ
- വാക്കുകൾ നിർമ്മാണം
- വാക്യങ്ങൾ നിർമ്മാണം.

2. ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനുള്ള അവസര
പ്രവർത്തനങ്ങൾ:

- ഹിന്ദി അസംബ്ലി
- ഹിന്ദി ദിനാചരണങ്ങൾ (സെപ്റ്റംബർ 14, ജനുവരി 10)
- അധികവായന - ലൈബ്രറിയുടെ സഹായം.
- ചിത്രങ്ങളുടെ സഹായത്താൽ ചിത്രകഥ തയ്യാറാക്കൽ
- ചിത്രം അടിക്കുറിപ്പ് തയ്യാറാക്കൽ
- വായന മൂല - അധിക വായന സാമഗ്രി

3. വീട്ടിൽ കാണുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.
പൂക്കൾ, പഴങ്ങൾ, പക്ഷികൾ, മൃഗങ്ങൾ എന്നിവയുടെ പേരുകൾ ഹിന്ദിയിൽ പഠിക്കുക.

പ്രവർത്തനങ്ങൾ:

- ICT യുടെ സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാൻ അവസരം.
- അക്ഷരങ്ങൾ കൊടുത്ത് വാക്കുകൾ നിർമ്മിക്കൽ
- भाषाई खेल - CWSN കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട്.

4. ഹിന്ദി കേൾക്കാനുള്ള അവസരം

പ്രവർത്തനങ്ങൾ: -

- ഹിന്ദിയിൽ തന്നെ നിർദ്ദേശങ്ങൾ നൽകുക
- ആംഗ്യത്തിലൂടെയും മുഖഭാവത്തിലൂടെയും വ്യക്തമാകാത്ത കുട്ടികൾക്ക് ആശയം വ്യക്തമാക്കി കൊടുക്കൽ
- കുട്ടികൾക്ക് ഹിന്ദി കൂടുതൽ സംസാരിക്കാനുള്ള അവസരം ഒരുക്കൽ
- ഹിന്ദിക്ലാസ്സിൽ ഹിന്ദിമാത്രം സംസാരിക്കാനുള്ള നിർദ്ദേശം (Std VI, VII)

# അക്കാദമിക് മാസ്റ്റർ പ്ലാൻ സംസ്കൃതം ക്ലാസ്- 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. യു.പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | 1. ഭാഷാ ജ്ഞാനം<br>* അക്ഷരം എഴുത്ത്<br>* ചിഹ്നം ഉറപ്പിക്കൽ<br>* അക്ഷര കാർഡ്<br>* വാക്കുകൾ എഴുതിയ കാർഡ്<br>* ക്ലാസ്സിൽ അക്ഷര മാല പ്രദർശനം.<br>* അക്ഷരമാല കളികൾ<br>* അക്ഷരമരം നിർമ്മിക്കൽ<br>* പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ — ആഗസ്റ്റ് | അക്ഷരചാർട്ട് പാഠപുസ്തകം ICT | അധ്യാപിക. |
| | 2. പറയാം എഴുതാം<br>* ചിത്രങ്ങളുടെ പേര് പറയൽ<br>* ചിത്ര കഥകൾ | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| | * ലഘു സംഭാഷണങ്ങൾ നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ - ജൂലൈ | സംസ്കൃത കഥാപുസ്തകം ICT | അധ്യാപിക. |
| 2. വീട് ഒരു പാഠശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക) | * വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക. * ICT സഹായത്തിലൂടെ വസ്തുക്കളും, വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്റ്റംബർ ഒക്ടോബർ | സംസ്കൃതം നിഘണ്ടു | അധ്യാപിക |
| 3. വായനാലോകം കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | *. ചിത്രവായനാപുസ്തകങ്ങളിലൂടെ സംസ്കൃതം ഗ്രന്ഥശാല സജ്ജീകരണം *. ഗ്രന്ഥശാലയിലെ പുസ്തകങ്ങൾ വായിപ്പിക്കുക. | 6 മാസം | ക്ലാസ്സ് ഗ്രന്ഥശാല | അധ്യാപിക. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| | * കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുന്നു. | | | |
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാ പഠനനേട്ടങ്ങൾ | * ക്ലബ്ബ് രൂപീകരണം<br>* പഠനോപകരണ നിർമ്മാണം<br>* ഗൃഹ സന്ദർശനം<br>* പഠനയാത്ര | ജൂൺ - മാർച്ച് | ചാർട്ട് ചിത്രം | അധ്യാപിക. |
| 5. മത്സര പരീക്ഷകൾക്ക് തയ്യാറാകൽ | * മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു | ജൂൺ - മാർച്ച് | ക്ലാസ് മുറി | അധ്യാപിക. |
| 6. ആസ്വാദന ലോകം<br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സാധകമാം നിവാരണം ചെയ്യുന്നു | * നാടകം, കൂത്ത് വീഡിയോ കാണിക്കുന്നു. | 5 മാസം | സംസ്കൃതം ക്ലാസ് മുറി | അധ്യാപിക. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 7. പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | * പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>* പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>* ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ – മാർച്ച് | ക്ലാസ് മുറി | അധ്യാപിക. |
| 8. ക്ലാസ് റൂം ആകർഷകമാക്കുന്നത് | * ലൈബ്രറി ഒരുക്കൽ<br>* സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു | | | |

# യു.പി. സോഷ്യൽ സയൻസ്
## അക്കാദമിക് മാസ്റ്റർപ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| കുട്ടികളുടെ, സാമൂഹ്യശാസ്ത്രത്തിലെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ. | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിനായി പ്രവർത്തനങ്ങൾ കുട്ടികൾക്ക് നല്കുന്നു.<br>ഗ്ലോബ്, മാപ്പ് ഇവ ~~[illegible]~~ ഉപയോഗിച്ച് രാജ്യങ്ങൾ, സമുദ്രങ്ങൾ ഇവ കണ്ടെത്തൽ, നദികൾ, പർവ്വതമേഖലകൾ, സമുദ്രം, ഭൂഖണ്ഡം ഇവ മനസ്സിലാക്കൽ. സംസ്ഥാനങ്ങൾ തിരിച്ചറിയൽ. |
| കുട്ടികളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റുക. | ചരിത്ര പ്രാധാന്യമുള്ള സ്മാരകങ്ങൾ, സ്ഥലങ്ങൾ എന്നിവയുടെ വിവിധയാ |

കാണിച്ച് കുട്ടികളിൽ ചരിത്രത്തിൽ താല്പര്യം ഉളവാക്കുന്നു. അതിലൂടെ അവരിൽ ചരിത്രാവബോധം ~~ഉണ്ട~~ വളർത്താൻ സാധിക്കുന്നു. ചരിത്രപഠനം രസകരമാക്കാൻ അടുത്തുള്ള മ്യൂസിയം സന്ദർശിക്കുവാൻ അവസരം ഒരുക്കുന്നു.

ജനാധിപത്യ പരമായ ജീവിത സമീപനം രൂപപ്പെടുത്തുക. സമൂഹത്തിൽ ജനാധിപത്യ മൂല്യം ഉയർത്തി പ്പിടിക്കേണ്ടതിന്റെ ആവശ്യകത

ഗ്രാമസഭ, വാർഡ്സഭ ഇവയെ കുറിച്ച് നേരിട്ട് കണ്ട്, പങ്കെടുത്ത് മനസ്സിലാക്കുവാൻ അവസരം ഒരുക്കണം. രക്ഷിതാക്കളെ ഇതിനായി ചുമതലപ്പെടുത്താം. വാർഡ് മെമ്പർമാരുമായിത്ത-ന്നെ ബന്ധപ്പെട്ട് സമുദായത്തെ കുറിച്ച് സംസാരി-

സംസാരിക്കുവാൻ അവസരം ഒരുക്കണം. തരംതിരിച്ച് രീതികളെ അറിഞ്ഞ് സംസാരിക്കും.

പ്രകൃതിദുരന്തങ്ങളെ അറിഞ്ഞ് മനസ്സിലാക്കി, പ്രകൃതിയെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ തയ്യാറാകുക. പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കണം. (field trips). ഇവ നടപ്പിലാക്കുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുക.

പ്രകൃതിക്ഷോഭങ്ങൾ (ഭൂകമ്പം, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ) ഇവയുടെ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയും വ്യാപ്തിയും മനസ്സിലാക്കി, ഡിസാസ്റ്റർ മാനേജ്മെന്റ് പ്രവർത്തകരുടെ ~~ക്ലാസുകൾ~~ (ഉദ്യോഗസ്ഥരുടെ) ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുവാൻ കുട്ടികളെ പ്രാപ്തരാക്കണം. പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടണം.

| | |
|---|---|
| സഹജീവികളോട് കരുണയോടെയും ഒരുമയോടെയും ജീവിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു. | വിദ്യാർത്ഥികൾ തങ്ങളുടെ സമ്പാദ്യത്തിൽനിന്നും ഒരു ഭാഗം ദുരന്തബാധിതർക്കും രോഗങ്ങളാൽ കഷ്ടപ്പെടുന്ന അശരണർക്കായും ഉപയോഗപ്പെടുത്തണം. പ്രകൃതിദുരന്ത ബാധിതർ, മറ്റ് കഷ്ടതകൾ അനുഭവപ്പെടുന്നവർ എന്നിവരെ സന്ദർശിച്ച് പറ്റുന്ന സഹായം നൽകുവാൻ പ്രോത്സാഹിപ്പിക്കണം. |
| ആനുകാലിക സംഭവങ്ങളെക്കുറിച്ച് അറിവ് നേടുന്ന പ്രവർത്തനങ്ങൾ നടത്തുക. | പത്രവാർത്തകൾ വായിക്കുവാൻ പ്രോത്സാഹിപ്പിക്കണം. പ്രധാന വാർത്തകൾ കുറിച്ച് വെക്കുവാൻ പറയുന്നു. ക്വിസ് നടത്തണം. പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ക്ലാസുകൾ നടത്തണം. |
| പ്രകൃതിക്ക് ദോഷമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ, കൃഷിഭൂമിയുടെ ദുരുപയോഗം. | |

കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതും
കൃഷിയിൽ സ്വയംപര്യാപ്ത
സംസ്ഥാനം കൈവരിക്കേണ്ട-
തെന്നും, വീടുകളിൽനിന്ന്
തന്നെ ഇതിന് വേണ്ട
പ്രവർത്തനങ്ങൾ നടത്തേണ്ട
താണെന്നും ഉദ്ദേശിക്കുന്നു

സുസ്ഥിരവികസന കാഴ്ചപ്പാട്
രൂപപ്പെടുത്തുന്നു.

കൃഷിയിടം സന്ദർശനം,
കർഷകരുമായും കൃഷി
ഓഫീസറുമായും സംസാരി-
ക്കുവാൻ ഉള്ള അവസരം
ഒരുക്കൽ. (ഫീൽഡ് ട്രിപ്പ്)

ഭാവി തലമുറയ്ക്കുവേണ്ടികൂടി
കരുതേണ്ടതാണ് ഈ ഭൂമി എന്നും
അത് നശിപ്പിക്കുന്ന രീതിക്
സൂക്ഷിക്കേണ്ടതാണെന്നും തിരിച്ചറി-
യുന്ന പ്രവർത്തനങ്ങൾ നല്ലതും
കൂടുതൽ തലമുറകൾ സംരക്ഷിക്കേണ്ട-
തിന്റെ ആവശ്യകത ഉദ്ദേശിക്കുന്നു.

മേഖല : അക്കാദമികം

Class : 5

ഉപമേഖല : Basic Science

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| Diversities in life, പ്രശ്നപരിഹാരത്തിലേക്ക് എത്തുന്ന ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുക. | നിരീക്ഷണം, പരീക്ഷണം, സാമാന്യവൽക്കരണം | June, July August | Teachers, smc, Sgs | |
| ആരോഗ്യ പൂർണമായ ജീവിതം | | | | |
| ശാസ്ത്ര പ്രോജക്ടുകൾ, ശാസ്ത്രമേളകൾ | നിർമ്മിതികൾ, പഠനോപകരണങ്ങൾ പരീക്ഷണങ്ങൾ | Sept,. Oct | Teachers, smc, Sgs | SMC |
| കൃഷി | കൃഷി അടിസ്ഥാന പാഠ വും ജീവിത രീതിയും. | Nov,Dec | Teachers, smc, Sgs | |
| പ്രകൃതി നിയമങ്ങൾ , Universe. | പരീക്ഷണങ്ങൾ ,നിരീക്ഷണം, | Jan,Feb,Mar | Teachers, smc, SGs | |

മേഖല : അക്കാദമികം

Class : 6

ഉപമേഖല : Basic Science

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യ പൂർണമായ ജീവിതം | നിരീക്ഷണം, പരീക്ഷണം, സാമാന്യവത്കരണം | June, July August | Teachers, smc, Sgs | |
| പ്രശ്നപരിഹാരത്തിലേക്ക് എത്തുന്ന ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുക. | നിർമ്മിതികൾ, പഠനോപകരണങ്ങൾ പരീക്ഷണങ്ങൾ | Sept,. Oct | Teachers, smc, Sgs | SMC |
| ശാസ്ത്ര പ്രോജക്ടുകൾ, ശാസ്ത്രമേളകൾ, Quizes | പഠനോപകരണങ്ങൾ പരീക്ഷണങ്ങൾ | Nov,Dec | Teachers, smc, Sgs | |
| ജീവ ലോകത്തിലെ വൈവിധ്യങ്ങൾ പ്രകൃതി നിയമങ്ങൾ | അടിസ്ഥാന പാഠ വും ജീവിത രീതിയും. പരീക്ഷണങ്ങൾ ,നിരീക്ഷണം, | Jan,Feb,Mar | Teachers, smc, SGs | |

മേഖല : അക്കാദമികം

Class : 6

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലളിതമായ Construction കൾ ലോജിക്കൽ ചിന്ത എന്നിവ വികസിക്കുന്നു | കോണുകൾ ,ജോമട്രിക്കൽ പാറ്റേണുകൾ അവ ഉപയോഗിച്ചുള്ള ഡിസൈനുകൾ, fractions തുടങ്ങിയവയിലൂടെ | June, July August | Teachers, smc, Sgs | |
| Mathematical proving ന്റെ അടിസ്ഥാന ഭാഗങ്ങൾ. സ്വായത്തമാക്കുന്നു | Trigonometry,വ്യാപ്തം ,ഗണിതങ്ങൾ | Sept,. Oct | Teachers, smc, Sgs | SMC |
| NuMats പരിശീലനം | പരിശീലനം | Nov,Dec | Teachers, smc, Sgs | |
| ദശാംശരീതികൾ ശരാശരി മുതലായവയിലൂടെ പ്രായോഗിക ഗണിതത്തിൽ പ്രാവീണ്യം നേടുന്നു | Activities oriented | Jan,Feb,Mar | Teachers, smc, SGs | |

മേഖല : അക്കാദമികം

**Class : 7**

ഉപമേഖല : Basic Science

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കൃഷി | കൃഷി അടിസ്ഥാന പാഠ ങ്ങളും ജീവിത രീതിയും | June, July August | Teachers, smc, Sgs | |
| പ്രശ്നപരിഹാരത്തിലേക്ക് എത്തുന്ന ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുക. | നിരീക്ഷണം, പരീക്ഷണം, സാമാന്യവൽക്കരണം | | | |
| ആരോഗ്യ പൂർണമായ ജീവിതം | | Sept,. Oct | Teachers, smc, Sgs | SMC |
| ശാസ്ത്ര പ്രോജക്ടുകൾ, ശാസ്ത്രമേളകൾ ,Quizes | നിർമ്മിതികൾ, പഠനോപകരണങ്ങൾ പരീക്ഷണങ്ങൾ | Nov,Dec | Teachers, smc, Sgs | |
| പ്രകൃതി നിയമങ്ങൾ , Universe. | പരീക്ഷണങ്ങൾ ,നിരീക്ഷണം, | Jan,Feb,Mar | Teachers, smc, SGs | |

മേഖല : അക്കാദമികം

Class : 7

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലളിതമായ Construction കൾ ലോജിക്കൽ ചിന്ത എന്നിവ വികസിക്കുന്നു | ജോമട്രിക്കൽ പാറ്റേണുകൾ അവ ഉപയോഗിച്ചുള്ള ഡിസൈനുകൾ, fractions തുടങ്ങിയവയിലൂടെ | June, July August | Teachers, smc, Sgs | |
| Mathematical proving ന്റെ അടിസ്ഥാന ഭാഗങ്ങൾ. സ്വായത്തമാക്കുന്നു | Trigonometry | Sept,. Oct | Teachers, smc, Sgs | SMC |
| USS പരിശീലനം | പരിശീലനം | Nov,Dec | Teachers, smc, Sgs | |
| ദശാംശരീതികൾ ശതമാനം മുതലായവയിലൂടെ പ്രായോഗിക ഗണിതത്തിൽ പ്രാവീണ്യം നേടുന്നു | Activities oriented | Jan,Feb,Mar | Teachers, smc, SGs | |